Talented Bankers Literary Panel
പുസ്തക പരിചയം 249

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
മട്ടാഞ്ചേരി ശാഖ.

പെൺ മോണോലോഗുകൾ,
മീരാബെൻ

മുടിക്കു തീപിടിച്ച ഒരുവൾ
കാട്ടിലേക്കോടുമ്പോൾ

മീരാബെൻ -അവരുടെ ആദ്യ കവിതാസമാഹാരം
പെൺ മോണോലോഗുകൾ.
ഒരു നഷ്ട പ്രവാചകനെ തേടി പുസ്തകം മുഴുവൻ
പരതിക്കൊണ്ടിരിക്കുകയാണീ
കവി. ആ പരിശ്രമത്തിനിടയിൽ ഞെട്ടറ്റു വീഴുന്ന കവിതകളുടെ
ചൂടുചുനത്തുള്ളികൾ നമ്മുടെ മുഖത്തു തെറിക്കുന്നു, നിഷ്ക്കരുണം!

'ചിറി തുടച്ച് ,നിസ്സംഗത എടുത്തുടുത്ത്
മൗനങ്ങളെ നനച്ചുകൊണ്ട്'
പതിഞ്ഞ താളത്തിൽ പാടി തുടങ്ങുന്ന കവി ഇടയ്ക്കെവിടെയോ
വെട്ടിത്തിരിച്ച് കലാപഭൂമിയിലേക്കു ചിറകുവീശിയിറങ്ങുന്നുണ്ട്.
മഴയ്ക്ക് എത്ര ചൂടാണ് എന്നു പെയ്യുന്നുണ്ട്.
വിരിയാൻ കൊതിക്കുന്ന ഇരുട്ടിൻറെ മുട്ടകൾക്ക് ചൂടേകുന്നുണ്ട്.
തിരിവെട്ടത്തിനായ് നീട്ടുന്ന
ഭയത്തിൻറെ കൈ ആവുന്നുണ്ട്.
ഒന്ന് വിടർന്നു കൂമ്പിയാലും മതിയായിരുന്നു എന്ന് ഏങ്ങലടിക്കുന്നുണ്ട്.

ഒടുവിൽ
അനുസരണയില്ലാത്ത ചിറകുകളെ
ചില്ലകളിൽ ഉപേക്ഷിക്കുന്നുമുണ്ട്.

ആ അഗ്നികടയൽ
പള്ളിവാളും കാൽച്ചിലമ്പുമേന്തി എത്തുന്നുണ്ട് 'പേരുദോഷക്കാരി'
എന്ന കവിതയിൽ.
'മതി അതുമതി അവൾക്കിനി ആകാശം,
ഉപ്പുനീരു കിനിയാത്തൊരു പാതിരാവ്'
എന്ന് ഉള്ളുലക്കുന്നപോൽ പിടയുന്നുണ്ട്.

പ്രൈമറി ക്ലാസ് ടീച്ചർ ആയതുകൊണ്ടാവാം,
പദ്യ ഭാഷയോട് ഒരു പൊടി ഇഷ്ടം
കവിക്കു കൂടുതലുണ്ട്.
"മുങ്ങുന്നു പൊങ്ങുന്നു
മുങ്ങുന്നു പൊങ്ങുന്നു
മുങ്ങി നിവരുന്നു കാലം
ഇമതോർന്നതറിയുമ്പോൾ
ഉഴുതിട്ട മണ്ണിൽ പാഴ് മുളയൊന്നു
പൊട്ടിത്തരിക്കും,
വീണ്ടും സ്വപ്നമുരുട്ടി കയറ്റും"
എന്ന വരികൾ അതിനു സാക്ഷ്യം പറയും.

ആ ഇഷ്ടചേലകൾ നിഷ്ക്കരുണം ഉപേക്ഷിച്ചതിനുശേഷം എഴുതിയ
'ഭയങ്കര സത്യങ്ങൾ', 'ദ്വന്ദ്വം' ,
'അലങ്കാരപ്പാവ'
എന്നീ സൃഷ്ടികൾ ആകട്ടെ, ഒന്നൂതിയാൽ തീപ്പൊരി പറക്കുന്ന
വിറകുകളാൽ എഴുതപ്പെട്ടതാണ്.

'ഒടിഞ്ഞ് നിന്നിൽ കുരുങ്ങിക്കിടക്കുന്ന ഞാൻ' ആണ് ദ്വന്ദ്വം എങ്കിൽ
'കാറ്റും വെളിച്ചവും എത്ര കിട്ടിയാലും ഉണങ്ങിയ പ്ലാവിലകൾക്കിടയിൽ
ഭദ്രമായി കിടക്കുന്ന തെളിവുക'ളാണ് രണ്ടാമത്തേത്.

മീരാ ബെന്നിൻറെ കവിതാ നദി
ഇരുളിനേയും വെളിച്ചത്തേയും മാറിമാറി
ഗർഭത്തിൽ വഹിക്കുന്നു.

'സെന്തരുണിയി'ൽ സ്വാതന്ത്ര്യത്തെ
പറ്റിപ്പറയുന്ന അതേ തൂലിക
അടുത്ത പേജിൽ
അമൃതവർഷിണീരാഗമായ്
'അവനൊപ്പം കുളിക്കുമ്പോൾ ം ം ം
ജലശംഖുപുഷ്പം വിരിയിക്കുന്നു'.
'മാമ്പഴച്ചാറി'ൽ വിരൽത്തുമ്പിലൂടെ
ഒരു കഥയെ ഗർഭം ധരിക്കുമ്പോൾ
'ആട്ടക്കാരനി'ൽ
എൻറെ കുഞ്ഞിൻറെ അച്ഛനാകാൻ ഇതിൽ കൂടുതൽ ഞാനെന്തു
ചെയ്യാനാണ് പെണ്ണേ എന്നു കരയുന്നു.

തല്ലും തലോടലും

വരിബന്ധം മുറിഞ്ഞു പോകുന്നുണ്ട് ചില കവിതകളിലെങ്കിലും.
'വേട്ടക്കാര'നിലെ ഏറുകൊണ്ട നായയും,

'നിശ്ശബ്ദ'ത്തിലെ പ്രപഞ്ചത്തെ ഞെരുക്കുന്ന വേരുകളുടെ പ്രതിവാദനവും ഒരു ഒപ്പനിരപ്പില്ലായ്മ ഉണ്ടാക്കുന്നുണ്ട്. എല്ലുകൾ ഒന്നുപോലും നുറുങ്ങാതെ ഇരുന്നിരുന്നെങ്കിൽ 'വേഗ'ത്തിലെ കല്ലുകടിയും ഒഴിവാക്കാമായിരുന്നു.

ഇങ്ങനെയൊക്കെ ഇരിക്കെത്തന്നെ,
'സൂര്യാഘാതം ' അതിന്റെ ഉന്നതോഷ്മാവിനാൽ താടകക്ക്
ഉ'ചിത'മാമൊരു
ചിതയൊരുക്കുമ്പോൾ
മണി മുഴങ്ങുന്നു,
കവിത തീരുന്നു.

"കീശകളിൽ നിന്ന് നാണയത്തുട്ടുകൾ ഓരോന്നായിറങ്ങി പലവഴിക്ക്
ഉരുണ്ടുരുണ്ടു പോകും "
എന്നു കവി പറയുന്നു
അതുപോലെ, കവിയുടെ ഓരോ കവിതാ പുത്ര-പുത്രിമാരും പലവഴിക്കു
സഞ്ചരിക്കുന്നു. നമ്മുടെ ആസ്വാദന ക്ഷമതയെ
നനച്ചുകൊണ്ടേയിരിക്കുന്നു.

കവിതാ സമാഹാരമല്ല,
കവിതയുടെ ആത്മകഥ തന്നെയാണിത്.
നൂലു കെട്ടും, മിന്നുകെട്ടും പിന്നെ
കെട്ടുപോകലും!

പ്രസാധകർ - വായനപ്പുര
Rs.120/-